# റിവോൾവിങ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്

സെൻറർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ്
കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി
മണ്ണുത്തി, തൃശൂർ 680 651
ഫോൺ: 0487 2370117, 9495333400 ഇ.മെയിൽ: rfpp@kvasu.ac.in


നമ്പർ : സി.എ.എസ്.പി.എസ്/ആർ.എഫ്.പി. പി/ ജന.II/ടെൻഡർ /2026-27(2) മണ്ണുത്തി, തിയ്യതി:26/09/2026

## ടെൻഡർ നോട്ടീസ്

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി മണ്ണുത്തി ക്യാമ്പസ്സിൽ സ്ഥിതി ചെയ്യുന്ന സെൻറർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസിന് കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിങ് ഫണ്ട് പൗൾട്രി പ്രൊജക്ടിൻറെ ഭാഗമായുള്ള ഫീഡ് മിൽ യൂണിറ്റിൽ സമയാസമയങ്ങളിൽ നൽകുന്ന ഫീഡ് ഫോർമുല ഉപയോഗിച്ചു തീറ്റ പൊടിപ്പിക്കുന്നതിന് ആവശ്യമായ സാധനങ്ങൾ ശരിയായ അളവിൽ തൂക്കം പിടിച്ച് മിക്സ് ചെയ്ത് 50 കെ.ജി പായ്ക്കറ്റുകളിൽ നിറച്ച് സീൽ ചെയ്ത് തരുന്നതിനുള്ള ടെൻഡർ ക്ഷണിക്കുന്നു. തീറ്റ പൊടിപ്പിക്കുന്നതിന്റെ തുക ടൺ അടിസ്ഥാനത്തിൽ ടെൻഡറിൽ രേഖപ്പെടുത്തേണ്ടതാണ്. ഏകദേശം 150 ടൺ ഒരു മാസത്തിൽ പൊടിപ്പിക്കേണ്ടതാണ്.

**<u>കരാർ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ</u>**

ടെൻഡർ സമർപ്പിക്കുന്ന കവറിനു പുറത്തു “RF പൗൾട്രി പ്രൊജക്ടിലെ ഫീഡ്മില്ലിൽ തീറ്റ പൊടിച്ച് പായ്ക്കറ്റുകളിൽ നിറച്ച് സീൽ ചെയ്യുന്ന ജോലിക്കായുള്ള ടെൻഡർ” എന്ന് രേഖപ്പെടുത്തിയിരിക്കണം

| | |
|---|---|
| വിലാസം | : ഡയറക്ടർ & പി.ഐ<br>റിവോൾവിങ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്<br>സി.എ.എസ്.പി.എസ്, കെ.വി.എ.എസ്.യു,<br>മണ്ണുത്തി |
| ടെൻഡർ ലഭിക്കേണ്ട അവസാന തിയതി, സമയം | : 13.10.2026, ഉച്ചക്ക് 3.00 മണിക്ക് |
| ടെൻഡർ തുറക്കുന്ന തിയതി, സമയം | : 13.10..2026, ഉച്ചക്ക് 3.30 ന് |
| കരാർ പ്രാബല്യം | : 24.10.2026 മുതൽ 23.04.2027 വരെ |
| സ്ഥലം | : സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ്, മണ്ണുത്തി |

ഡയറക്ടർ & പി.ഐ

Director & PI
Revolving Fund Poultry Project
CAS in Poultry Science
KVASU, Mannuthy - 680 651

നിബന്ധനകൾ

1. കരാറിന്റെ സമയപരിധി ടെൻഡർ സ്വീകരിച്ചത് മുതൽ ഉള്ള 6 മാസം കാലയളവിലേക്കാണ്.
2. ഫീഡ്മില്ലിലെ പ്രവർത്തി സമയം രാവിലെ 8 മണി മുതൽ വൈകീട്ട് 5 വരെയാണ്. വൈദ്യുതി തടസ്സമോ മറ്റു അനുബന്ധ തകരാറുകളോ നേരിടുകയാണെങ്കിൽ ബന്ധപ്പെട്ട അധികാരികളുടെ നിർദ്ദേശ പ്രകാരം സമയക്രമത്തിൽ മാറ്റം വരുത്താവുന്നതാണ്.
3. വിവിധയിനം തീറ്റ നിർദ്ദിഷ്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം നിർമ്മിക്കുകയും തീറ്റ ചാക്കിലാക്കി നിർദ്ദിഷ്ട സ്ഥലത്ത് അടുക്കിയിടുകയും ചെയ്യുന്നതിന് ഒരു ടണ്ണിനുള്ള തുകയാണ് ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്. പ്രതിമാസം ഏകദേശം 150 ടൺ പൊടിക്കേണ്ടതുണ്ട്.
4. ദിവസേനയുള്ള തീറ്റ ഉല്പാദനത്തിന് ശേഷം കരാറുകാരൻ ഫീഡ്മില്ലിന്റെ ഉൾവശം വൃത്തിയാക്കേണ്ടതാണ്.
5. കരാറുകാരനോ തൊഴിലാളികളോ തമ്മിൽ ഉണ്ടാകുന്ന ഏതൊരു തർക്കങ്ങൾക്കും യൂണിവേഴ്സിറ്റിയോ ബന്ധപ്പെട്ട വകുപ്പ് മേധാവിയോ ഉത്തരവാദിയായിരിക്കുകയില്ല.
6. ടെൻഡർ ലഭിച്ച കരാറുകാരൻ ബാങ്ക് ഗ്യാരണ്ടി / സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഒരു വർഷത്തെ കരാർ തുകയുടെ 5% ആയ 16425/- രൂപ (പതിനാറായിരത്തി നാനൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) ഡയറക്ടർ & പി.ഐ, റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്, സി.എ.എസ്.പി.എസ്, മണ്ണുത്തിയുടെ പേരിൽ എസ്.ബി.ഐ ഒല്ലൂക്കര ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായോ / ഓഫീസിൽ നേരിട്ടോ അടക്കേണ്ടതാണ്.
7. ടെൻഡർ ഫോമിന്റെ വില ആയി 826/- രൂപ (Rs.700/- +(GST18%) Rs.126/-) (എണ്ണൂറ്റി ഇരുപത്തി ആറ് രൂപ മാത്രം), നിരതദ്രവ്യം ആയി 3285/- രൂപ (മൂവായിരത്തി ഇരുനൂറ്റി എൺപത്തഞ്ച് രൂപ മാത്രം), ഡയറക്ടർ & പി.ഐ, റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്, സി.എ.എസ്.പി.എസ്, മണ്ണുത്തി എന്ന പേരിൽ എസ്.ബി.ഐ, ഒല്ലൂക്കര ശാഖയിൽ മാറാവുന്ന വെവ്വേറെ ഡിമാൻഡ് ഡ്രാഫ്റ്റുകളായി ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ തുകകൾക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റുകൾ ടെൻഡറിനോടൊപ്പം സമർപ്പിക്കാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്.
8. കരാറുകാരൻ 200 രൂപ മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിൽ കരാർ വ്യവസ്ഥയിൽ ഒപ്പുവെക്കേണ്ടതാണ്.
9. ഏർപ്പെട്ട കരാറിൽ നിന്ന് പിന്മാറാൻ ഉദ്ദേശ്യമുള്ള പക്ഷം, കുറഞ്ഞത് ഒരു മാസം മുൻപ് ബന്ധപ്പെട്ട അധികാരിക്ക് മുൻപാകെ നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് നൽകാതെ കരാറിൽ നിന്ന് പിന്മാറിയാൽ ഫീഡ് മില്ലിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കു കരാറുകാരൻ ഉത്തരവാദിയായിരിക്കും.
10. വകുപ്പ് മേധാവിക്ക് എപ്പോൾ വേണമെങ്കിലും ഏർപ്പെട്ട കരാർ കാരണമൊന്നും ബോധിപ്പിക്കാതെ, 48 മണിക്കൂർ മുൻപായി നോട്ടീസ് നൽകി റദ്ദാക്കാവുന്നതാണ്.
11. വകുപ്പ് മേധാവിയിൽ നിന്ന് അറിയിപ്പ് ലഭിക്കുന്നതിനനുസൃതമായി കരാറുകാരൻ എത്രയും വേഗം ഫീഡ്മില്ലിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. അതിനു മുൻപ് എല്ലാ കരാർ വ്യവസ്ഥകളും പൂർത്തീകരിക്കേണ്ടതാണ്.
12. ആദായ നികുതി തുടങ്ങി അനുബന്ധ നികുതികളും അടക്കേണ്ടതിനാൽ ബില്ലിൽ നിന്നും ടി തുക കുറച്ച് മാത്രമേ കരാറുകാരന് ലഭിക്കുകയുള്ളൂ.

13. വകുപ്പ് മേധാവിക്കോ മേധാവി അധികാരപ്പെടുത്തുന്ന വ്യക്തിക്കോ / വ്യക്തികൾക്കോ ഏതൊരു സമയത്തും ഫീഡ്മിൽ പരിശോധിക്കാനുള്ള അവകാശമുണ്ട്. അദ്ദേഹം പുറപ്പെടുവിക്കുന്ന ഏതൊരു നിർദ്ദേശവും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
14. 2026 ഒക്ടോബർ 13 നു ഉച്ചക്ക് 3.00 മണി വരെ ലഭ്യമാകുന്ന എല്ലാ ടെൻഡറുകളും വകുപ്പ് മേധാവിയുടെ സൂക്ഷ്മ പരിശോധനക്ക് ശേഷം ഏറ്റവും കുറഞ്ഞ നിരക്ക് പ്രദർശിപ്പിക്കുകയും മേല്പറഞ്ഞ നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കാമെന്നു ഉറപ്പു നല്കുകയും ചെയ്യുന്ന കക്ഷിക്ക് കരാർ നൽകുന്നതായിരിക്കും.
15. ഈ ടെൻഡർ സംബന്ധിച്ച ഏതൊരു തീരുമാനവും കൈക്കൊള്ളുന്നതിനും ടെൻഡറിൽ പങ്കെടുക്കുന്ന വ്യക്തികളോട് യാതൊരു കാരണം ബോധിപ്പിക്കാതെ ടെൻഡർ നിരാകരിക്കുന്നതിനുമുള്ള പരിപൂർണ അവകാശം വകുപ്പ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും
16. ദിവസേന ഗ്രൈൻഡിംഗ് പൂർത്തിയാക്കാൻ ആവശ്യമായത്ര തൊഴിലാളികളെ (അതായത് ഒരേ സമയം ഏറ്റവും കുറഞ്ഞത് മൂന്ന് പേരെ എങ്കിലും) കരാർക്കാരൻ നിയോഗിക്കണം.
17. തൊഴിലാളികൾ ശാരീരികമായി ആരോഗ്യമുള്ളവരും 18 വയസ്സിന് മുകളിലുമാകണം.
18. ഓരോ ഷിഫ്റ്റിലും ഗ്രൈൻഡിംഗ് മെഷീനുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യാൻ കഴിവുള്ള ഒരാൾ ഉണ്ടാകണം.
19. കുറഞ്ഞത് ഒരു വർഷത്തെ ഫീഡ്മിൽ പ്രവർത്തനപരിചയമുള്ള പ്രാവീണ്യമുള്ള തൊഴിലാളികളെ മാത്രമേ കരാർക്കാരൻ നിയോഗിക്കാവൂ.
20. മുൻപരിചയം തെളിയിക്കുന്നതിനായി മുൻ ജോലി ഓർഡർ, അംഗീകൃത ഫീഡ് മില്ലിൽ നിന്നുള്ള പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ്, അല്ലെങ്കിൽ തൊഴിൽ രേഖ എന്നിവ കരാർ/ടെണ്ടറിനൊപ്പം സമർപ്പിക്കണം.
21. ടിഡിഎസ്, ജിഎസ്ടി ടിഡിഎസ് തുടങ്ങിയ സർക്കാർ നിയമാനുസൃത കുറവുകൾ ബാധകമായിരിക്കും.
22. മുൻകൂർ പേയ്മെന്റ് അനുവദിക്കില്ല.
23. എല്ലാ തൊഴിലാളികളും ഗ്രൈൻഡിംഗ് സമയത്ത് മാസ്ക്, ഗ്ലൗസ് എന്നിവ പോലുള്ള വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതായി കരാറുകാരൻ ഉറപ്പാക്കണം.
24. ജോലിക്കിടെ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും കരാറുകാരൻറേതായിരിക്കും. ഇതുമായി ബന്ധപ്പെട്ട ബാധ്യത ഈ സ്ഥാപനം ഏറ്റെടുക്കുന്നതല്ല.
25. ഗ്രൈൻഡ് ചെയ്ത ഫീഡ്, ഫീഡ്മിൽ നിർദേശിക്കുന്ന പാർട്ടിക്കിൾ സൈസ്, ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കണം.
26. അശ്രദ്ധ മൂലം വീണ്ടും തീറ്റ പൊടിക്കേണ്ട ആവശ്യമുണ്ടെങ്കിൽ ചെലവ് കരാറുകാരൻ വഹിക്കണം.
27. അശ്രദ്ധ മൂലം മെഷീനുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ, നഷ്ടം കരാറുകാരൻറെ ബില്ലിൽ നിന്ന് ഈടാക്കുന്നതായിരിക്കും.
28. ഗവൺമെന്റ് ടെൻഡറിന്റെ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമായിരിക്കും.

ഡയറക്ടർ ആർ.പി.ഐ

Director RPI
Revolving Fund Poultry Project